സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
(നിലവിൽ : V.N. ജിതേന്ദ്രൻ)

തിരുവനന്തപുരം,
തീയതി: 01.10.2014.

ഉത്തരവ് നം. ഇ5-30513/14

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - ICDS പ്രോജക്റ്റ് അഞ്ചൽ - അങ്കണ വാടി വർക്കർമാരുടെ ഓഫീസ് ഉപരോധം - ജീവനക്കാരെ സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: കൊല്ലം പ്രോഗ്രാം ഓഫീസറുടെ 18.9.14 ലെ A-1977/2014 നമ്പർ റിപ്പോർട്ട്.

അഞ്ചൽ ICDS പ്രോജക്ടിൽ 10.9.14 ന് നടത്തിയ പ്രോജക്റ്റ് ലെവൽ മീറ്റിംഗ് അങ്കണ വാടി പ്രവർത്തകർ ബഹിഷ്കരിച്ച് ICDS പ്രോജക്റ്റ് ഓഫീസ് ഉപരോധിച്ചത് സംബന്ധിച്ച് മേൽ പരാമർശിത അന്വേഷണ റിപ്പോർട്ടിൽ അഞ്ചൽ ICDS ഓഫീസിലെ ജീവനക്കാരും ശിശു വികസന പദ്ധതി ഓഫീസറും തമ്മിൽ കഴിഞ്ഞ കുറേ കാലങ്ങളായി നിലനിൽക്കുന്ന മാനസിക പൊരുത്തക്കേടുകളും ഐക്യമില്ലായ്മയുമാണ് ഇത്തരം ഒരു പ്രശ്നത്തിലേക്ക് എത്തിച്ചേരാൻ കാരണമെന്ന് മനസിലാക്കുന്നതായും ഓഫീസിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ജീവനക്കാരോടും ശിശു വികസന പദ്ധതി ഓഫീസറോടും ചർച്ച നടത്തുകയും പ്രശ്ന പരിഹാരത്തിന് ശ്രമിക്കുകയും ചെയ്തിട്ടുള്ളതാണെങ്കിലും ടി പ്രശ്നങ്ങൾക്ക് യാതൊരു കുറവും വന്നിട്ടില്ലെന്ന് മാത്രമല്ല പ്രശ്നം രൂക്ഷമാകുകയും ഓഫീസ് പ്രവർത്തനത്തെ വളരെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു വരികയാണെന്ന് അറിയിച്ചിരിക്കുന്നു.

(2) അഞ്ചൽ ICDS പ്രോജക്ടിലെ വികലാംഗ ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരെയും ശിശു വികസന പദ്ധതി ഓഫീസറേയും നിലവിലുള്ള ഓഫീസിൽ നിന്ന് സ്ഥലംമാറ്റി ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

(3) ഈ സാഹചര്യത്തിൽ അഞ്ചൽ ICDS പ്രോജക്റ്റ് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ടി കാര്യാലയത്തിലെ ചുവടെ പേര് ചേർത്തിരിക്കുന്ന ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കുന്നത് അനിവാര്യമാണെന്ന് കാണുകയും അതിൻ പ്രകാരം ചുവടെ ചേർക്കുന്ന ജീവനക്കാരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള കാര്യാലയങ്ങളിലേയ്ക്ക് പരസ്പരം സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥലംമാറ്റി നിയമനം നൽകുന്ന കാര്യാലയം |
|---|---|---|
| 1. | ശ്രീമതി. നസീറാ ബീവി,<br>ശിശു വികസന പദ്ധതി ഓഫീസർ,<br>അഞ്ചൽ. | ICDS ചടയമംഗലം<br>അഡീഷണൽ. |
| 2. | ശ്രീമതി. ഷക്കീല ബീവി,<br>ശിശു വികസന പദ്ധതി ഓഫീസർ<br>ചടയമംഗലം അഡീഷണൽ. | ICDS അഞ്ചൽ |
| 3. | ശ്രീമതി. ഗീതാ കുമാരി,<br>സീനിയർ ക്ലർക്ക്,<br>ICDS അഞ്ചൽ | ICDS കൊട്ടാരക്കര |

| | | |
|---|---|---|
| 4. | ശ്രീ. ബിജു. കെ.വി,<br>സീനിയർ ക്ലർക്ക്,<br>ICDS കൊട്ടാരക്കര | ICDS അഞ്ചൽ |
| 5. | ശ്രീ. അനിൽ കുമാർ,<br>സീനിയർ ക്ലർക്ക്,<br>ICDS അഞ്ചൽ | ICDS തിരുവനന്തപുരം അർബൻ I |
| 6. | ശ്രീ. ഷൈജു. K.M,<br>ക്ലർക്ക്,<br>ICDS അഞ്ചൽ | ICDS വെട്ടിക്കവല |
| 7. | ശ്രീമതി. സിനി. D.S,<br>ക്ലർക്ക്,<br>ICDS വെട്ടിക്കവല | ICDS അഞ്ചൽ |
| 8. | ശ്രീ. സതീശൻ. P,<br>ഓഫീസ് അറ്റൻഡന്റ്,<br>ICDS അഞ്ചൽ. | ICDS അഞ്ചൽ അഡീഷണൽ |
| 9. | ശ്രീമതി. സജിത,<br>സൂപ്പർവൈസർ,<br>ICDS അഞ്ചൽ | ICDS പത്തനാപുരം |
| 10. | ശ്രീമതി. മറിയാമ്മ ഡാനിയൽ,<br>സൂപ്പർവൈസർ,<br>ICDS അഞ്ചൽ | ICDS അഞ്ചൽ അഡീഷണൽ |

(4) സ്ഥലം മാറ്റപ്പെട്ട ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
സാമൂഹ്യ നീതി ഡയറക്ടർ

ബന്ധപ്പെട്ടവർക്ക്.

പകർപ്പ്:

1) ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
   തിരുവനന്തപുരം/ കൊല്ലം.
2) ശിശു വികസന പദ്ധതി ഓഫീസർ,
   അഞ്ചൽ/ചടയമംഗലം അഡീഷണൽ/കൊട്ടാരക്കര/തിരുവനന്തപുരം അർബൻ I/ പത്തനാപുരം/അഞ്ചൽ അഡീഷണൽ/വെട്ടിക്കവല.
3) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്